# GHS KUTTIYERI

തമസോമ ജ്യോതിർഗമയ

ESTD:1954

GHS KUTTIYERI

# മൊഴിമുത്തുകൾ

little KITEs

# ആമുഖം

കുഞ്ഞു കുഞ്ഞു സങ്കൽപ്പങ്ങളും,അനുഭൂതികളും ആശംസകളും,സ്വപ്നങ്ങളും കുഞ്ഞുഭാവനയിലൂടെ,പിറവികൊണ്ട- തിൻെറ ആവിഷ്കാരമാണിത്.പുത്തൻ ലോകകാഴ്ചയിലേക്ക്,കണ്ണും കാതും തുറന്നുവച്ചപ്പോൾ പുതിയ ആകാശത്തിൽ ചില നക്ഷത്രങ്ങൾ പിറവിയെടുക്കുന്നു.ഈ പ്രത്യാശകളെ സ്നേഹത്തോടെ സ്വീകരിച്ചാലും......



# സമർപ്പണം



## സർഗസൃഷ്ടികളെ സ്വീകരിക്കുന്ന

## കുരുന്ന പ്രതിഭകൾക്ക്..........



# പത്രാധിപസമിതി

## പത്രാധിപ

അർച്ചന.കെ

## അംഗങ്ങൾ

ലയശശി.ഇ

നന്ദന നാരായണൻ

അപർണ.എം

ദേവനന്ദ.കെ

റൈഹാന.സി

അനരഞ്ജ്.സി

ധീരജ്.വി.എം

## രക്ഷാധികാരി

**ശ്രീ.അബ്ദുൾ ഖാദർ .ടി.വി (ഹെഡ് മാസ്റ്റർ)**

## ഉപദേശകസമിതി

ശ്രീമതി.ലളിത.എം(സീനിയർ അസിസ്റ്റൻറ് )

ശ്രീമതി.പി.സി.ഗീത

ശ്രീ.എം.ഉമ്മർ

ശ്രീമതി റുബീന

ശ്രീമതി.ശ്രീജ.ടി.പി

ശ്രീമതി.പത്മജ.എൻ

# ആശംസ

ലോകം-പ്രതീക്ഷവെക്കേണ്ടത്
എന്നും വിദ്യാർത്ഥികളിലാണ്.
ജി.എച്ച്.എസ്.കരുവ്വേരി, ലിറ്റിൽ കൈറ്റ്സിൻെറ
ഈ കുരുന്നു പ്രതിഭകളുടെ സർഗ്ഗസൃഷ്ടിക്ക്
എല്ലാവിധആശംസകളും നേരുന്നു.

**ശ്രീ.അബ്ദുൾ ഖാദർ .ടി.വി**

**ഹെഡ് മാസ്റ്റർ**

# പറക്കണം ആ പട്ടത്തിനും

അടുപ്പിൽ പാൽ തിളച്ച് പൊങ്ങി
അടുക്കള ഭരണം അമ്മയ്ക്കായിരുന്നു
അടുപ്പിലെ കത്തി കരിഞ്ഞ വിറകു
പോലെ ആയിരുന്നു പക്ഷെ അമ്മെ
കനവിൻ നൂൽ കോർത്ത പട്ടങ്ങൾ
പറക്കണമെങ്കിൽ അത് നടക്കണമായിരുന്നു.
അമ്മയ്ക്കുമില്ലെ കനവിൻ നൂലുകൾ
ആ പട്ടവും പറക്കേണ്ടതല്ലേ
ചുമരുകൾക്കുള്ളിൽ അടഞ്ഞു പോകാതെ
പറക്കേണം ആ പട്ടങ്ങൾക്കും
കെട്ടുപൊട്ടാതെ...

അർച്ചന.കെ
9-B

# ഉപന്യാസം

കേരളം ഒരു കാർഷികപാരമ്പര്യമുള്ള സംസ്ഥാനമാണ്.ഓണം, വിഷു തുടങ്ങിയ ആഘോഷങ്ങളും നമ്മുടെ നാട്ടിലെ പല ഉത്സവങ്ങളും വേലകളും പൂരവുമൊക്കെ കാർഷികസംസ്കാരവുമായ് ബന്ധപ്പെട്ട ആഘോഷങ്ങളാണ്.മുണ്ടകൻ കൊയ്ത്തു കഴിഞ്ഞ് നെല്ലും വൈക്കോലും സംഭരിച്ചു കഴിഞ്ഞാൽ കർഷകർക്ക് പിന്നെ വിശ്രമത്തിനുംവിനോദത്തിനുംഉള്ളകാലമാണ്.

പുതുമഴപെയ്തുമണ്ണുകുളിരുന്നതുവരെഉത്സവം,വേല,പൂരംഇങ്ങനെകേരളംമുഖരിതമാവുകയാണ്.മേടംമുതൽശരത്താരംഭിക്കുകയാണ്.അതിൻെറകൊടിനാട്ടലെന്നപോലെകണിക്കൊന്നപൂക്കുന്നു.ഉരുളിയിൽകണിക്കൊന്ന,കണിവെള്ളരിക്ക,നാളികേരമുറി,ഉണക്കലരി,വെറ്റില ,അടക്കതുടങ്ങിയവഒരുക്കികണികാണുന്നു.വിത്തുംകൈക്കോട്ടുംഎന്ന്പാടിവിഷുപക്ഷിഉറങ്ങുന്നകർഷകരെവിളിച്ചുണർത്തുന്നു.പുതുവർഷത്തിൽ ചാലുകീറി വിളവെടുക്കാൻ കർഷകർ ഒരുങ്ങുന്നു.

ചിങ്ങം പിറന്നാൽ മലയാളികളുടെ മനസ്സിൽ ഓണമാണ്.ഐശ്വര്യത്തിനുവേണ്ടി ആഹ്ലാദിച്ചും ശീലിച്ചിട്ടുള്ള കർഷകർക്ക് ഓണം ഉത്സവമാണ്.ഇങ്ങനെ കേരളത്തിലെ കർഷക ജീവിതത്തിൻെറ സ്പന്ദനവും തുടർച്ചയുമാണ് നമ്മുടെ ആഘോഷങ്ങളും ഉത്സവങ്ങളും എന്ന് നിസംശയം പറയാം.

-റൈഹാന.സി

9.b

# പ്രഭാതം

പ്രഭാതം ഏവർക്കും ഉന്മേഷം നൽകുന്ന കാര്യമാണ്.എഴുന്നേറ്റുവരുമ്പോൾ മഞ്ഞിൽകുളിച്ചുനിൽക്കുന്ന പ്രകൃതിയെ കാണുമ്പോൾ നമ്മുക്ക് ലഭിക്കുന്ന ഊർജം മറ്റൊന്നിൽ നിന്നും ലഭിക്കുന്നില്ല.പുലരിയിൽ കേൾക്കുന്ന കിളി കളുടെ മധുരനാദവും അവയുടെ കുസൃതികളും ,ചെറിയപുല്ലുകളുടെ തുമ്പിൽ ചിത്രം വരച്ചിട്ടപോലെയാണ്.മരങ്ങളുടെയും ചെടികളുടെയും പച്ചപ്പും സൂ ര്യന്റെ കടുംചുവപ്പ് നിറവും കണ്ടാൽ മനസ്സിന് വളരെയധികം സന്തോഷമാണുണ്ടാവും. പ്രകൃതിയിലെപക്ഷികളും പൂക്കളും മനസ്സിന് ഉല്ലാസം നൽകുന്നു.പ്രഭാതത്തിലെ സൗന്ദര്യങ്ങളാണ്ഒരുദിവസത്തിന്റെ തുടക്കത്തിലെ ഊർജസ്രോത്രസ്.പ്രഭാതത്തിൽ കുളിച്ചുവരുന്ന സൂര്യൻ ചി രിച്ചുകൊണ്ട് പ്രകാശം പരത്തുന്നു.ഹാ! എന്തുഭംഗി ഈ പ്രഭാതം.



അഞ്ജന

# ഭക്ഷണം പാഴാക്കരുതെ




ഭക്ഷണവും വസ്ത്രവും പാർപ്പിടവുമാണ് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ. ഇതൊന്നുമില്ലാത്ത അവസ്ഥയിലാണ് ദാരിദ്രം അനുഭവിക്കുന്നത്.ഒരു നേരത്തെ ഭക്ഷണത്തിനുപോലുംവകയില്ലാതെ വീർപ്പുമുട്ടുന്നവരാണ് ഇവരിലേറയും. കണക്കുകൾ ഇങ്ങനെയൊക്കെയാണെങ്കിലും നമ്മൾ പാഴാക്കുന്ന ഭക്ഷണം എത്രയാണ്. അതുപോലെ വിവാഹം മുതലായ ആഘോഷങ്ങൾ ഭക്ഷ്യധൂർത്തിന്റെ പര്യായമായി മാറുന്നു.

അധികമായ ഭക്ഷണം നമ്മൾ ഒരു നേരത്തെ ആഹാരത്തിനായി അലയുന്നവർക്ക് നൽകുക.ഇതൊരു പുണ്യപ്രവൃത്തിയാണ്.ഭക്ഷണത്തിനായി അലയുന്നവർക്കുവേണ്ടി നമ്മുക്ക് കൈകോർക്കാം.

-അർച്ചന.കെ

9.b

# വായനാക്കുറിപ്പ്


## ജന്മദിനം




അനുഭവസമ്പത്ത് ധാരാളമുള്ള എഴുത്തുകാരനായ വൈക്കം മുഹമ്മദ് ബഷീറിൻെറ കഥയാണ് ജന്മദിനം. ഭാവനയാണ് വർണങ്ങൾ ചേർത്ത് ജീവിതത്തിലെ സത്യങ്ങളായ അനുഭവങ്ങളെ നമ്മുടെ മുമ്പിൽ ബഷീർ അണിനിരത്തുന്നു.

ദൂരദേശത്ത് കൈയിൽ കാശില്ലാതെ ഒടുവിൽ വിശന്ന് വലഞ്ഞ് അദ്ദേഹം ആഹാരം കട്ടുഴിക്കേണ്ടവന്ന ഒരു ജന്മദിനത്തിൻെറ വേദനനിറഞ്ഞ അനുഭവമാണ് ബഷീർ ഈ കഥയിൽ ആവിഷ്കരിക്കുന്നത് . സമുദായത്തിൻെറ ഒരു പരിച്ഛേദം ഈ കഥയിൽ ദൃശ്യമാണ് . വർഷങ്ങൾക്കുമുമ്പുള്ള സാഹിത്യകാരൻെറ ജിവിതാനുഭവങ്ങളാണ് ഈ കഥയിലെ കേന്ദ്രബിന്ദു. ഐഷുക്കുട്ടി എന്ന കഥയിൽ പ്രസവവേദന തുടങ്ങിയ ഐഷുക്കുട്ടി ഡോക്ടറെ കൊണ്ടുവരണമെന്ന് നിലവിളിക്കുന്നു. പഠിപ്പും ലോകവിജ്ഞാനവുമില്ലാതെ സ്ത്രീകളുടെ പൊങ്ങച്ചത്തെ ബഷീർ ഇതിലൂടെ തൊലിയുരിച്ചുനിർത്തുന്നു.

ബഷിറിൻെറ എട്ട് കഥകളാണ് ഈ സമാഹാരത്തിലുള്ളത് . മിക്കതിലും അടിച്ചമർത്തപ്പെട്ട മനുഷ്യജിവിതങ്ങളാണ് പ്രമേയം.



അഞ്ജന.വി

# കേരളത്തെവിഴുങ്ങിയ പ്രളയം

പ്രളയമിതാ  വിഴുങ്ങിയിരിക്കുന്നു
സുന്ദരാമാം നമ്മുടെ കേരളഭൂമിയെ
കേൾക്കുന്നു നാമാ ജനതതൻ നിലവിളികൾ
കോർക്കുന്നു കൈകൾ നാമേവരും ഒന്നായി
ജാതിയില്ല , മതമില്ലിവിടെ
നൽകുന്നു നാമേവരും സഹായഹസ്തങ്ങൾ
തിരിച്ചറിയുന്നു നാം
മാനുഷികമൂല്യങ്ങൾ തൻ മുഖം
കാണുന്നു നാമേവരിലും
കനിവാർന്ന മുഖങ്ങളും
ഓർത്തിരിക്കില്ല മനുഷ്യക്കൂട്ടങ്ങൾ
പ്രകൃതിയുമൊരുനാൾ തിരിച്ചടിക്കുമെന്ന്
നേടിയിരിക്കുന്നു നാം യതാർഥ ജ്ഞാനം
കണ്ടിരിക്കുന്നു നാം യഥാർഥ സ്നേഹം

ദേവിക. ടി
9.A

# കാഴ്ച  പോലെ

ആദ്യമായി ഞാൻ ആദ്യമായി  പിറന്നു
അമ്മ എന്നെ കുറിച്ചോർത്തു
എൻെറ വളർച്ചയിൽ
അമ്മ പരിഭവിച്ചു
ഞാൻ അമ്മയെ വഴക്കുകൾ
പറഞ്ഞൊതുക്കി
ഒടുവിൽ അമ്മ ഒരു
കണ്ണീർ കാഴ്ച പോലെ
മാഞ്ഞുപോയി



അനാമിക.പി
9.A

# സ്വപ്നങ്ങൾ

കറുത്ത പുകയിൽ കരഞ്ഞുതീരും
കുരുന്നു ജീവനുകൾ
കളിച്ചുതീരാ കളിയിൻ നടുവിൽ
കരഞ്ഞ ബാല്യങ്ങൾ
കടുത്ത ചൂടിൻ
കനത്ത വെയിലിൽ
ജീവിത മടിയിൽ
പൊരിയുന്നവരുടെ
സ്വപ്നങ്ങൾ
കനവുകൾ കിനാവുകൾ
തീരുന്നിന്നോരടുക്കളയിൽ



-അപർണ.എം

9.b

ആസ്വാദനക്കുറിപ്പ്,



# ഓടയിൽനിന്ന്

മലാളത്തിലെ പ്രശസ്ത കഥാകൃത്തിൽ ഒരാളാണ് പി.കേശവദേവ്. അദ്ദേഹത്തിൻെറ പ്രശസ്തമായ കഥയാണ് ഓട -യിൽ നിന്ന്.ഓടയിൽനിന്ന് എന്ന കഥയിൽ പപ്പു എന്ന റിക്ഷാക്കാരൻെറ ജീവിതത്തെയാണ് വിവരിക്കുന്നത്.

പുതുമയുടെയുവത്വവും പഴമയുടെവാർധക്യവും മുട്ടിയും തട്ടിയും പാഞ്ഞും ഇഴഞ്ഞും അങ്ങോട്ടുമിങ്ങോട്ടും പോവുന്നുണ്ട് അവയുടെ ഇടയിൽക്കൂടി ജീവിതംപുളച്ചുകയവിയും പതുങ്ങിപതു -ങ്ങിയും ചാഞ്ഞും ചരിഞ്ഞും ചിരിച്ചും കരഞ്ഞും അങ്ങനെ ഒ -ഴുകികൊണ്ടിരിക്കുന്നു.

പപ്പുവിൻെറ റിക്ഷാപാന്ഥവുടെയും വാഹനങ്ങളുടെയും ഇടയിൽക്കൂടിമിന്നൽവേഗത്തിൽ പോകുന്നു. വാഹനങ്ങളിൽ നിന്നും പാന്ഥരിൽ നിന്നും ഒഴിഞ്ഞൊഴിഞ്ഞ് അയാൾ

റിക്ഷയു കൊണ്ട് ഓടുന്നത് അത്ഭുതകരമായ കാഴ്ചയാണ്.പപ്പു
പ്രതിബന്ധങ്ങളെ ഭയപ്പെടാത്തവനാണ്. സന്ധ്യാസമയം റെയി
-ൽവേസ്റ്റേഷനിലേക്ക് ഒരു യാത്രക്കാരനെയും കൊണ്ട് പപ്പു
ഓടികൊണ്ടിരിക്കുന്നു മൂന്നുമിനുട്ടുനേരം വേണം റെയിൽവേസ്റ്റേ
-ഷനിലെത്താൻ പപ്പു അയാളെ ട്രെയിൻകയറ്റികൊടുക്കാമെന്ന്
വാക്കുനൽകിയിട്ടുമുണ്ട് പപ്പു താൻകൊടുത്ത വാക്കുപാലിക്കുവാ
-നായി പെട്ടെന്ന് റിക്ഷ വേഗത്തിൽ തന്നെ മുമ്പോട്ടുപോയി
പെട്ടെന്ന് റിക്ഷ നിന്നു ആ സമയം ഒരു പെൺകുട്ടി
ഓടയിൽമലന്നടിച്ചുകിടക്കുന്നു. പപ്പുപെട്ടന്ന് കുട്ടിയെ വാരിയെടു
ത്തു. പെൺകുട്ടി ചുറ്റും പകച്ചുനോക്കി. അവൾ ആദ്യം തന്നെ
ചോദിച്ചത് തൻെറ അരിയും സാമാനങ്ങളുമായി രുന്നു. ഒരു
ചെറിയകുട്ടയിൽ കുറച്ച് അരിയും മൂന്നുമുളകും കഷ്ടിച്ച് ഒരുപിടി
ഉപ്പും പപ്പുകുട്ടിയെ സമാധാനിപ്പിച്ച് അവിടെ നിൽക്കനൻ
പറഞ്ഞു. പപ്പു താൻ സാധനങ്ങൾ വാങ്ങിച്ചുതരാമെന്നും
പറഞ്ഞു. പപ്പു യാത്രക്കാരനെ കൊണ്ടുവിട്ടു. ശേഷം വേഗം
പെൺകുട്ടിയുടെ അടുക്കലെത്തി അവൾക്ക് അരിയും സാധന
-വും വാങ്ങിച്ചുനൽകി പിന്നെ ആറുപഴവും അവൾക്ക് സന്തോ
-ഷമായി. അവൻ അളുടെ വിവരങ്ങൾ അന്വേഷിച്ചു ശേഷം
അവളെ വീടിൻെറ അടുക്കലാക്കി അവൾ നടന്നു നീങ്ങി
അവൾമറയുന്നതുവരെ അവളെ നോക്കി നീങ്ങി.

നന്ദന.പി

10B

# പുലരി

കിഴക്കൻ ചക്രവാളത്തിൽ നിന്ന് ഉദിച്ചുയരുന്ന സൂര്യൻ. മന്ദമാരുതൻ മെല്ലെ വന്ന് പൂക്കളെയൊക്കെയും തലോടി.ആ തലോടലിൽ പൂക്കളുടെയും പൂമ്പാറ്റകളുടെയും മുഖത്ത് ചിരി വിടർന്നു.കുയിലുകൾ മനോഹരമായ ഈണത്തിൽ പാട്ടുപാടുന്നു.മരങ്ങളുടെയും ചെടികളുടെയും പച്ചപ്പും സൂര്യന്റെ കടുംചുവപ്പ് നിറവും കണ്ടാൽ മനസ്സിൽ സംതൃപ്തിയുളവാക്കും.മലർമൊട്ടുകളിലേക്ക് തേൻ നുകരാൻ എത്തുന്ന സുന്ദരിയായ ചെറുപൂമ്പാറ്റകളും തുമ്പികളും. പച്ചപ്പരവതാനി പോലെ നിരന്നുനിൽക്കുന്ന വയൽപ്പാടങ്ങളിലേക്ക് കൃഷിചെയ്യുന്നതിനായി പോകുന്ന സ്ത്രീകൾ.വയലുകളിലേക്ക് ഇരതേടാനെത്തുന്ന പറവകളും കൊക്കുകളും.തോടിലൂടെ ഒഴുകുന്ന കുളിർവെള്ളത്തിന്റെ മനോഹരമായ ശബ്ദം.കൈക്കുമ്പിനിൽക്കുന്ന പൂമൊട്ടുകൾ മെല്ലെ കണ്ണ് തുറക്കുന്നു.ഇങ്ങനെ വ്യത്യസ്തമായ വൈവിധ്യങ്ങളായ കാഴ്ചകൾ കണ്ടുകൊണ്ടാണ് ഓരോ ദിവസവും ആരംഭിക്കുന്നതും അങ്ങനെ നാം പ്രകൃതി ഭംഗി ആസ്വദിക്കുന്നതും.





അനാമിക.പി

# പപ്പ വരുന്നേ

പട പട ഡും ഡും മേളവുമുണ്ടേ
പല പല വർണത്തോരണമുണ്ടേ
പരിവാരങ്ങൾ ഒത്തിരിയുണ്ടേ
പാട്ടുകളുണ്ടേ പൂത്തിരിയുണ്ടേ
പൊന്നൊളി തൂകും ക്രിസ്മസ്ട്രിയും
പലവേഷത്തിൽ ഇടയന്മാരും
പുത്തൻകോട്ടും ഷൂസുമണിഞ്ഞ്
നറുചിരിതൂകി പപ്പയുമുണ്ടേ



ജിഷ്ണ.പി.കെ
9.b







# നന്ദി

